# വിദ്യാപോഷിണി


സ്വതന്ത്രസാമൂഹ്യ സാംസ്കാരിക ത്രൈമാസിക

## വാർഷികപ്പതിപ്പ്

2017 ഏപ്രിൽ



# കരിങ്കണ്ണൻ



ശിവദാസൻ എ. കെ.

കരിങ്കണ്ണന്റെ കണ്ണിൽ നിന്ന് ചിലപ്പോൾ പറക്കുന്നുണ്ടാകുമെന്ന് ഞങ്ങളോട് പറ ...ത് ചെത്തുകാരൻ രാജപ്പനാണ്.

കുഞ്ഞിരാമേട്ടനായിരുന്നു കരിങ്കണ്ണൻ. ...ാളുടെ കണ്ണുകൾ കറുത്തിട്ടായിരിക്കുമോ ...റിയാൻ ഞങ്ങൾ പല പ്രാവശ്യം ...ാളുടെ മുന്നിലൂടെ പോയിട്ടുണ്ട്. ഇത്തരം സംഘങ്ങളെയും അഭിമുഖീകരിച്ച് പരിച ...ളതു കൊണ്ടാകണം ഞങ്ങളുടെ സ്കൂൾ ...ലത്തെയും ചെറുചിരിയോടെ അയാൾ ...ക്കളഞ്ഞത്.

"അങ്ങേര് പറഞ്ഞാ പറഞ്ഞതാ."

രാജപ്പന്റെ മുന്നിൽ അന്തം വിട്ടിരിക്കവെ ...ൻ തുടർന്നു. അവന്റെ അരയിലെ നീലത്തു ...ിലേക്കും, അതിൻമേൽ വട്ടമിട്ട തുകൽ ...റ്റിൽ ഞാന്നു കിടന്നിരുന്ന വീതിയേറിയ ...ുകത്തിയിലേക്കും ഞങ്ങൾ അത്ഭുത ...ാടെ നോക്കി.

ഞങ്ങൾക്ക് വല്ലപ്പോഴും ഫ്രീയായി ...കുടിക്കാൻ തരുന്നത് രാജപ്പനായിരുന്നു. ...ിലേക്കൊരു കരുതൽ എന്നാണ് അവന ...പറയുക. ഇത്രയും പിള്ളാരെ കള്ളുകുടി ...ച്ചാൽ ഭാവിയിൽ അവർ നല്ല കുടിയൻമാ ...മെന്ന് അവനുറപ്പായിരുന്നു. അന്ന് അ ... അർത്ഥം പിടികിട്ടിയിരുന്നില്ല എന്ന് ...

മണിയനീച്ചകൾ വീണു മരിച്ചു കിടന്ന ...ിൻ കുടം താഴെ വെച്ച് രാജപ്പൻ തുടർന്നു.

"കള്ള് വാങ്ങി കുടിച്ചേന്റെ എടവാടില് ... പറ്റ് ബാക്കീണ്ടാർന്നു. ഒന്ന് രണ്ട് ...ശ്യം കഴിഞ്ഞപ്പോ ഞാനൊന്ന് കനം കൂട്ടി ...ച്ചു. അത്രേണ്ടായുള്ളൂ."

അതിനും പിന്നെ രണ്ടുദിവസം കൂടി ...ത് കാളക്കുളത്തിലേക്ക് നീണ്ടുനിൽ ... കൊന്നത്തെങ്ങിൽ ചെത്താൻ കയറുക ...ുന്നു രാജപ്പൻ.

തൊട്ടടുത്ത കടവിലേക്ക് കുളിക്കാനിറങ്ങിയ പെണ്ണുങ്ങളുടെ മാറൊപ്പം ഉയർത്തിക്കെട്ടിയ ഒറ്റ മുണ്ടിനകത്തെ പല നിറങ്ങളിലുള്ള താരുണ്യത്തിലേക്ക് ഓട്ടകണ്ണിട്ടു നോക്കിയും മറ്റും ചെത്ത് പുരോഗമിക്കുമ്പോഴാണ് താഴെ നിന്നൊരൊച്ച കേട്ടത്.

ഒറ്റ നോട്ടത്തിൽതന്നെ സ്തബ്ധനായിപ്പോയി. മുകളിലേക്ക് തന്നെ നോക്കി നിൽപ്പാണ് കരിങ്കണ്ണൻ കുഞ്ഞിരാമേട്ടൻ. രാവിലെ ചായ കുടിക്കാൻ പോയിട്ടുള്ള തിരിച്ചു വരവാണ്.

രാജപ്പൻ അമ്പരന്ന് നിൽക്കെ കുഞ്ഞിരാമേട്ടൻ ഒരു കുശലം ചോദിച്ചു. ഒറ്റ ചോദ്യം.
"ഇത്രേം വല്യ തെങ്ങൊക്കെ അങ്ങട് ഒഴിവാക്കികൂടെ രാജപ്പാ"

ഉത്തരമൊന്നും പ്രതീക്ഷിക്കാതെ അങ്ങ് നടക്കുകയും ചെയ്തു. രാജപ്പന് കൈയ്യും കാലും വിറച്ചു. തൊണ്ട വറ്റി. അത് ചോദിച്ചപ്പോ ആ കണ്ണീന്ന് തീ പോലൊന്ന് വരുന്നത് കണ്ടുവെന്നാണ് രാജപ്പൻ പറയുന്നത്.

രാജപ്പൻ വീണു. തൊട്ടടുത്ത നിമിഷം തന്നെ. താഴെ കുളത്തിലെ രണ്ടാൾപ്പൊക്കം വെള്ളം താങ്ങിയത് കൊണ്ട് മാത്രം ഇപ്പോഴും ജീവനോടിരിക്കുന്നു.

കുഞ്ഞിരാമേട്ടന്റെ കരിങ്കണ്ണും കരിനാക്കും നാട്ടിൽ പാട്ടായിരുന്നു. അയാളുടെ ഭാര്യയെ കണ്ട ഓർമ്മയില്ല. മകളെ അറിയാം. ശാന്ത.

ശാന്തയുടെ വിവാഹപ്പിറ്റേന്ന് അവളുടെ ഭർത്താവ് മരിച്ചുപോയത്രേ. കണ്ണീരുവീണുണങ്ങി കറുത്തുപോയപോലെ ഞങ്ങൾ ശാന്തയെ കണ്ടിട്ടുണ്ട്.

എന്നോ സുന്ദരിയായിരുന്നതിന്റെ നിഴലായി ആരുടെയും മുഖത്തുനോക്കാതെ നടന്നുപോകുന്നത് കാണാം.

റോഡിനോരം ചേർന്നേ നടക്കാറുണ്ടാ

യിരുന്നുള്ളു. പൊതു വഴിപോലും തനിക്കന്യമായിരുന്നെന്ന ഒരു തോന്നൽ ഉള്ളതുപോലെ. കുഞ്ഞിരാമേട്ടന്റെ ഒറ്റ മോളായിരുന്നു ശാന്ത.

ശാന്ത തൂങ്ങി മരിക്കുകയായിരുന്നു. ഒറ്റമുറി വീടിന്റെ കഴുക്കോലിൽ ശാന്ത തൂങ്ങിനിൽക്കുന്നത് കണ്ട് അലറി വിളിച്ച കുഞ്ഞിരാമേട്ടന്റെ വീട്ടിലേക്ക് ആളുകൾ ഓടിച്ചെന്നു.

കൂടെ ചെല്ലാനാഞ്ഞ ഞങ്ങളെ "കുട്ടികളൊന്നും വരണ്ടാ, അനത്തെ കാഴ്ച്യാ " എന്ന് പറഞ്ഞ് മുതിർന്നവർ വിലക്കി.

കയറഴിച്ചു കിടത്തിയ ശാന്തയുടെ വയറ് പതിവിലധികം വീർത്തത് കണ്ട് പെണ്ണുങ്ങൾ അടക്കം പറഞ്ഞു.

പിറ്റേ ആഴ്ചയിൽ ശാന്തയോടൊപ്പം ഓട്ടുകമ്പനിയിൽ പണിയെടുത്തിരുന്ന ഗോപി നാടുവിട്ടു പോയി. പിന്നെ നാലുകൊല്ലം കഴിഞ്ഞ് ഗൾഫുകാരനായാണ് തിരിച്ചു വന്നത്.

ഗോപിയായിരുന്നു അന്ന് അവിടെ ഏറ്റവും വലിയ വീട് വെച്ചത്. എല്ലാ പണിയും കഴിഞ്ഞ് കേറിത്താമസിക്കാറായ വീടിന്റെ ഉമ്മറത്തിരുന്ന് കാറ്റുകൊള്ളുമ്പോഴാണ് കുഞ്ഞിരാമേട്ടൻ കടന്നുവന്നത്. ഗോപിക്കൊരു വല്ലായ്ക തോന്നി.

കുടത്തിൽ കരികൊണ്ട് വട്ടക്കണ്ണും, വായും വരച്ച് കമിഴ്ത്തി തലയാക്കി കോലം കെട്ടിയത് എടുത്തു മാറ്റിയിരുന്നു. പണി പൂർത്തിയാക്കിയില്ലെ ഇനിയിപ്പയെന്തിനാ എന്ന് കരുതിയിരിക്കുമ്പോഴാണ് കരിങ്കണ്ണന്റെ വരവ്.

"ഇത്രേം വെല്യ വീട് ഇതല്ലാണ്ട് ഇന്നാട്ടീ വേറില്ല്യാട്ടോ ഗോപ്യേ "എന്ന് മാത്രമേ പറഞ്ഞുള്ളൂ. ഗോപി സമാധാനിച്ചു. പണി പൂർത്തിയായില്ല്യേ ഇനിയിപ്പോൾ എന്തു പറഞ്ഞാലെന്താ.

പക്ഷേ അന്ന് രാത്രി ഇരുണ്ട് പുലരുന്നതിനിടയിൽ ഭൂമിയൊന്ന് വിറച്ചു. വെളുപ്പിന് മൂന്നു മണിക്കായിരുന്നു.

ജനലഴികളുടെ നടുക്കത്തിലുണർന്നവർ ഇടിമുഴക്കംപോലൊന്ന് അകന്നുപോകുന്നത് കേട്ടു.

പിറ്റേന്ന് വീടിന്റെ മുറ്റത്തെത്തിയ ഗോപി ബോധംകെട്ടു വീണു.

എല്ലാ പണിയും പൂർത്തീകരിച്ച ഇരുനില വീടിന്റെ കിഴക്കു വശത്തെ ഭിത്തി വിണ്ടുകീറിയിരിക്കുന്നു. ഒരു ചെറുവിരൽ ക...ക്കുന്നിടത്തോളം വീതിയിൽ.

ഗോപി വായിൽതോന്നിയതൊക്കെ ക...ങ്കണ്ണനെ പറഞ്ഞു. അയാളിത് പ്രതികാരം വീ...താ. ശാന്തേടെ കാര്യത്തില് എന്നോട് തോന്നി...വൈരാഗ്യത്തിന്. ആ പെണ്ണും ഞാനും തമ്മി...ഒരെടപാടും ഉണ്ടായിരുന്നില്ല്യ. ഒക്കെ നാട്ടു...വെറുതെ പറയണതാ.

ഗോപിയുടെ വീടിന്റെ വിണ്ടു കീറി... ഭിത്തി കാണാൻ ഞങ്ങൾ പോയിരുന്ന... എങ്ങിനെയാണ് ഇത്രയും കൃത്യമായി ഇ... സംഭവിച്ചതെന്ന് ഞങ്ങൾ അത്ഭുതപ്പെട്ട... തൊട്ടടുത്തുള്ള മൺവീടുകൾക്കുപോല... ഒന്നും സംഭവിച്ചിട്ടില്ല.

അങ്ങനെയെങ്കിൽ കരിങ്കണ്ണന്റെ... കണ്ണിൽനിന്നൂർന്ന ഏത് ശക്തിയാണ് വെ...പ്പിന് ഭൂമിക്കടിയിലൂടെ പാഞ്ഞത്. അത് പു...ക്കണ്ടം മണ്ണിട്ടു നികത്തിയ വീടിനു താ... കേന്ദ്രീകരിച്ചത്.

കൃത്യമായി പിടിച്ചു കുലുക്കി അസ...വാരത്തെപ്പോലും നെടുകെ പിളർത്തിയ... ഞങ്ങളുടെ ഓരോ സാഹസികതകൾക്ക... പിന്നിലും കരിങ്കണ്ണന്റെ ഭീതി നിഴൽ വിരി...നിന്നു.

ആകാശത്തോളം പടർന്ന് ഉറുമ്പടക്ക...കായ്ചുനിന്ന നാട്ടുമാവിന്റെ ചില്ലയിൽ തേൻ...മ്പഴങ്ങൾ പരതുമ്പോൾ വഴിയെ പോകുന്നവ... ഞങ്ങൾക്ക് മുന്നറിയിപ്പു തന്നു.

"സൂക്ഷിക്കണം, ആ കരിങ്കണ്ണൻ കാണണ്ട."

അങ്ങനെയാണ് ഞങ്ങളുടെ ഓ...നീക്കങ്ങൾക്കും കാവലാളുകളുണ്ടായത്.

ഓരത്ത് ചെമ്പൻകൊക്കും, കുളക്കോ...കളും കൂടുകെട്ടി പാർക്കുന്ന കാളക്കുളത്തി... അഗാധതകളിലേക്ക് വരാൽ മീനിനെപോ... മുങ്ങാംകുഴിയിടുമ്പോൾ ഞങ്ങളിൽ ഒരാ... കുളക്കരയിൽ കാവൽനിന്നു.

മകരക്കൊയ്ത്തു കഴിഞ്ഞ പാടത്ത് ഓ...പ്രാന്തി കളിക്കുമ്പോഴും, തുകലും തുണിയു...കുട്ടിത്തുന്നിയ പന്തിൽ പെലെയും, മറഡോ...യുമാകുമ്പോഴും കണ്ണുകൾ കാവൽ നിന്നു.

ദൂരെയെവിടെയോ തല വെട്ടം കണ്ടാ... ഒരു കൂക്കി വിളിയുടെ ചിറകിലേറി മുന്നറിയി... വരികയായി.

"ദേ കരിങ്കണ്ണൻ!" അത് കേൾക്കേണ്ട
...സം കളികളെല്ലാം നിലച്ചുപോയ കളിക്കൂട്ടത്തിന്റെ നടുവിലൂടെ നിഷ്കളങ്കമായ ഒരു ...ചിരിയുമായി കരിങ്കണ്ണൻ നടന്നകലുന്നത് ...ണാം.

ഇത്രേം വെല്യ കരിങ്കണ്ണന്റെ മോള് കയ...ൽ തൂങ്ങി പെടച്ചപ്പോ എന്തേ അയാൾക്ക് ...ലിക്കാൻ പറ്റാത്തെ. എന്നാരോ ചോദിച്ച ...ാദ്യം ഞങ്ങൾക്കിടയിൽ ഉത്തരമില്ലാതെ ...ലിഞ്ഞു പോയി.

ഞങ്ങളുടെ കൂട്ടത്തിലെ ചന്ദ്രന്റെ മൂത്ത...ങ്ങളുടെ വിവാഹം മുടങ്ങിയതോടെയാണ് ...ങ്കണ്ണനെ ഒരു പാഠം പഠിപ്പിക്കണമെന്ന ...ന്ത ഞങ്ങളിൽ ശക്തിപ്പെട്ടത്.

പെണ്ണുകാണൽ ചടങ്ങിന് ഒരുങ്ങി നിന്ന ...വളെ കരിങ്കണ്ണൻ കണ്ണു വച്ചത്രെ. ചിക്കൻ ...ക്സ് വന്ന് കിടപ്പിലായതോടെ പറഞ്ഞ സമ...ത്ത് നടത്താനാവാതെ ആ കല്യാണം മുടങ്ങി...പ്പോയി.

"ഒക്കേനും കാരണം കരിങ്കണ്ണനാണ്". ...ൻ വാശിയോടെ പറഞ്ഞു.

കുന്നിൻചെരുവിലായിരുന്നു കരിങ്കണ്ണ...ന്റെ വീട്. താഴെ തെരുവ പുല്ലുകൾ അതിർത്തി...ട്ട കനാലിലൂടെ എവിടെയോ തടഞ്ഞിട്ട ...ള്ളം സ്വാതന്ത്ര്യത്തിമിർപ്പിൽ ചൂടു പിടിച്ചൊ...ഴുകി.

മലഞ്ചെരുവ് മുഴുവൻ ഉണങ്ങി...നിന്നൊരു വേനലിലാണ് ഞങ്ങൾക്കാ ബുദ്ധി ...തോന്നിയത്. ഉണക്കപ്പുല്ലുകൾക്ക് തീയിടാം.

അവിടെ കരിങ്കണ്ണന്റെ വീട് മാത്രമേ ...ള്ളൂ. തീ പടരുമ്പോൾ കരിങ്കണ്ണൻ എങ്ങിനെ ...കെടുത്തുമെന്ന് കാണാം.

അയാൾക്ക് മഴ പെയ്യിക്കുവാൻ കഴിയു...ം എന്നറിയാം. ഭൂമിയെ പിടിച്ചുകുലുക്കു...ാൻ ശേഷിയുള്ളയാൾക്ക് മഴ പെയ്യിക്കുവാൻ ...ഴിയാതിരിക്കുമോ?

പ്രശ്നാവോ? ആരുടേയോ സന്ദേഹം ...ുയർന്നു കേട്ടു.

...്യ് അയാള് തീ കെടുത്തും ഉറപ്പാ.

...തീയിട്ടത് നമ്മളാന്നറിഞ്ഞാലോ?"

"അതാരറിയാനാണ്. വെറുമൊരു തീപ്പെ...ട്ടിക്കൊള്ളി പോരെ തീയിടാൻ."

വൈകുന്നേരമായിരുന്നു. വൈകീട്ടത്തെ ഒറ്റക്കുപ്പി കള്ളിന്റെ ബലത്തിൽ കരിങ്കണ്ണൻ ആടിയാടി പുരക്കകത്തു കടക്കുന്നത് ഞങ്ങൾ കണ്ടു.

ഇനി തീയിടാം. ആരോ തീപ്പെട്ടിയുരച്ച് കുറെ മാറി ഉണക്കപ്പുല്ലുകൾക്ക് തീ കൊടുത്തു.

കുന്നിൻ മുകളിൽ തീ വീണതറിഞ്ഞ് ഓടിയെത്തിയൊരു കാറ്റ് കുറ്റിക്കാടുകളിൽ നിന്ന് കുറ്റിക്കാടുകളിലേക്ക് ചൂട്ടു മിന്നിച്ചോടുന്നത് ഞങ്ങൾ കണ്ടു.

പുരയോളം ഉയരത്തിൽ മലഞ്ചരുവിനെ അഗ്നി വിഴുങ്ങാൻ തുടങ്ങി. കൊടിയ വേനലിൽ ബാക്കിയായ ചെടികളുടെ പച്ച ഉടലുകൾ പൊട്ടിത്തെറിക്കുന്ന ശബ്ദം.

ഇത്രയുമായിട്ടും കരിങ്കണ്ണനെന്താണ് പുറത്ത് വരാത്തത് എന്ന് ഞങ്ങൾക്കതിശയമായി. അയാൾ വരും. കണ്ണിൽനിന്നു ചിതറിവീഴുന്ന ശക്തിയിൽ തീ കെട്ടുപോകും എന്നെല്ലാം ഞങ്ങൾക്കുറപ്പായിരുന്നു.

തീയും പുകയും ഇരുട്ടിന്റെ അതിർത്തിയിൽ കൂടിക്കുഴയുന്നത് ഞങ്ങൾ കണ്ടു. ഞങ്ങൾക്ക് പേടിയായി.

നിയന്ത്രിക്കാനാകാത്ത വിധം തീ പടരുകയാണ്. എവിടെനിന്നൊക്കെയോ ആളുകൾ ഓടിവരുന്നതിന്റെ ഒച്ചകൾ.

എന്നിട്ടും കരിങ്കണ്ണനെവിടെ? ഞങ്ങൾ തിരിഞ്ഞോടാൻ തുടങ്ങി. നാലു ചുറ്റുനിന്നും ആരവം മുഴക്കിയെത്തിയ തീ കരിങ്കണ്ണന്റെ പുരയ്ക്കുമേൽ ആർത്തുകയറുന്നത് ഞങ്ങൾ കണ്ടു.

വർഷങ്ങളെത്രയോ കഴിഞ്ഞിട്ടും "കരിങ്കണ്ണാ നോക്കല്ലെ"എന്ന ബോർഡും തൂക്കി പണിതീരാത്ത വീടുകൾക്കു മുമ്പിൽ നിൽക്കുന്ന കോലങ്ങൾ ഇപ്പോഴും അയാളെ ഓർമ്മിപ്പിക്കുന്നു.

തീയിൽ പൊള്ളിപ്പിടയുന്ന ഒരു സാധു വൃദ്ധന്റെ നിലവിളി ഞങ്ങളുടെ ചെവിയിൽ മുഴങ്ങുന്നു. മനുഷ്യന്റെ കണ്ണിൽ നിന്ന് കണ്ണീരല്ലാതെ മറ്റൊന്നുമില്ലെന്നൊരു തേങ്ങൽ ഉള്ളിലെവിടെയോ പിടഞ്ഞുണരുന്നു.

*****